**"ഭരണഭാഷ- മാതൃഭാഷ"**

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകപ്പ് - കുടുംബശ്രീ - കുടുംബശ്രീ ഭരണസമിതികളുടെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ)വകുപ്പ്

**സ.ഉ.(കൈ) നം.15/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/01/2021

---

പരാമർശം:- 1 03.11.2020-ലെ കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗതീരുമാനം.

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12.12.2020-ലെ 3737/എം/2017/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

3 13/01/2021 -ലെ സ.ഉ.(സാധാ)നം.9/2021/തസ്വഭവ.

## <u>ഉത്തരവ്</u>

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലെ ഭാരവാഹികളുടെ കാലാവധി 2021 ജനുവരി 26-ന് അവസാനിക്കുകയാണെന്നും കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലെ ഭാരവാഹികളുടെ പൊതുധാരാ തിരഞ്ഞെടുപ്പ് 2021 ഫെബ്രുവരി മാസത്തിൽ തുടങ്ങി 2021 മാർച്ച് 1-ന് അധികാരമേൽക്കുന്ന തരത്തിൽ പുന:ക്രമീകരിക്കുന്നതിന് 3/11/2020-ലെ കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗം അനുമതി നൽകുകയും ചെയ്ത സാഹചര്യത്തിൽ, നിലവിലെ ഭരണ സമിതിയുടെ കാലാവധി 2021 ഫെബ്രുവരി 28 വരെ ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) കത്തു മുഖേന സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലെ കുടുംബശ്രീ ഭരണസമിതികളുടെ കാലാവധി 2021 ജൂലൈ 31 വരെയോ, പുതിയ മാർഗ്ഗനിർദ്ദേശ പ്രകാരം സംഘടനാ തിരഞ്ഞെടുപ്പ് പൂർത്തിയാകുന്നത് വരെയോ (ഏതാണോ ആദ്യം, അതുവരെ) ദീർഘിപ്പിച്ചും പരാമർശം (3)-ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്തും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ),കേരള തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ